**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കോട്ടയ്ക്കൽ നഗരസഭ – വിജിലൻസ് പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എ.സി.കുര്യാക്കോസ്സിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 2339/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 03/08/2016.

പരാമർശം :- 1. വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.10.2014 തീയതിയിലെ ഇ 10(എസ്.സി.93/2013/എം.പി.എം.) 35780/2013 നമ്പർ കത്ത്.

2. കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കുര്യാക്കോസ്സിന് നൽകിയ 30.06.2015 തീയതിയിലെ തസ്വഭവ-ഇ.യു.1/190/2015- തസ്വഭവ നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. കുര്യാക്കോസ്സ് സമർപ്പിച്ച തീ.തി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 31.12.2015 തീയതിയിലെ വി2-14746/15 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ അധികൃതർ 21.12.201[illegible] തീയതിയിൽ കോട്ടയ്ക്കൽ നഗരസഭയിൽ നടത്തിയ പരിശോധനയിൽ വാർഡ് നമ്പർ 7 (പുതിയ വാർഡ് - 16), സർവ്വെ നമ്പർ 300/5, 6 ൽപ്പെട്ട സ്ഥലത്ത് ശ്രീ. മുഹമ്മദാലി എന്നവർ പണി തീർത്ത കെട്ടിടം, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമായതിനാൽ ആയതിന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകാത്തതിൽ തെറ്റില്ലെങ്കിൽ കൂടി 24.10.20[illegible] തീയതിയിൽ മുനിസിപ്പൽ എഞ്ചിനീയർ ടി കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകണമെന്ന് ശുപാർശ ചെയ്തിട്ടും ആയതിന്മേൽ സെക്രട്ടറി എന്ന നിലയിൽ ശ്രീ. കുര്യാക്കോസ്സ് തുടർ നടപടി സ്വീകരിക്കാത്തതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ. എ.സി.കുര്യാക്കോസ്സിന് പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി.

2. ശ്രീ. എ.സി. കുര്യാക്കോസ്സ് സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ ടിയാൻ 06.01.2014 മുതൽ 18.10.2014 വരെയാണ് കോട്ടയ്ക്കൽ നഗരസഭ

സെക്രട്ടറിയായി ജോലി ചെയ്തിട്ടുള്ളതെന്നും ടി നഗരസഭയിൽ കെട്ടിട നിർമ്മാണത്തിന് ഒക്യുപെൻസി നൽകുന്നതിനുമുള്ള അധികാരം മുനിസിപ്പൽ എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്തിട്ടുള്ളതാണെന്നും കോട്ടയ്ക്കൽ വില്ലേജിലെ സർവ്വെ നമ്പർ 300/5, 6 ൽപ്പെട്ട സ്ഥലത്ത് 154.29 M2 വിസ്തൃതിയുള്ള ഒരു കാർട്ടേഴ്സ് കെട്ടിടം (വാസഗൃഹം) നിർമ്മിക്കുന്നതിന് 11.06.2012 ൽ ശ്രീ. മുഹമ്മദ് ഹാജി എന്നവർ അപേക്ഷ നൽകുകയും മുനിസിപ്പൽ ഓഫീസിലെ സാങ്കേതിക വിഭാഗത്തിന്റെ വിശദമായ പരിശോധനയ്ക്ക് ശേഷം 24.07.2012 ൽ ടി അപേക്ഷ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് മുനിസിപ്പൽ എഞ്ചിനീയർ നൽകിയെന്നും പിന്നീട് 27.03.2013-ൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ശ്രീ. മുഹമ്മദ് ഹാജി ഒക്യുപെൻസി സർട്ടിഫിക്കറ്റിന് അപേക്ഷിച്ചുവെന്നും മുനിസിപ്പാലിറ്റിയിലെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 24 ലംഘിച്ചുകൊണ്ടാണ് ടി നിർമ്മാണം പൂർത്തിയാക്കിയത് എന്ന് കാണുകയും, 06.05.2013 ൽ മേൽ പ്രകാരമുള്ള റിപ്പോർട്ട് മുനിസിപ്പൽ എഞ്ചിനീയർ സെക്രട്ടറിയ്ക്ക് നൽകുകയും. അന്നേ ദിവസം തന്നെ ടി വിഷയത്തിൽ കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകുന്നതിന് ടിയാൻ ഉത്തരവ് നൽകിയതാണെന്നും അപ്രകാരം തയ്യാറാക്കപ്പെട്ട 08.05.2013-ലെ നോട്ടീസ് മുനിസിപ്പൽ എഞ്ചിനീയർ ഒപ്പിട്ട് കെട്ടിട ഉടമയ്ക്ക് നൽകിയിട്ടുണ്ടെന്നും ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ടിയാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന രീതിയിൽ ചാർജ് മെമ്മോയിലും ആരോപണ പത്രികയിലുമുള്ള പ്രസ്താവനകൾ ശരിയല്ല എന്നും ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കോട്ടയ്ക്കൽ നഗരസഭയിലെ ഫയൽ നമ്പർ pw1-8757/12 മായി ബന്ധപ്പെട്ട വിഷയത്തിൽ തയ്യാറാക്കപ്പെട്ട നോട്ടീസ് 10.05.2013 തീയതിയിൽ ശ്രീ. മുഹമ്മദ് ഹാജിക്ക് നൽകിയിട്ടും ടി നോട്ടീസിലെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്നതിന് കെട്ടിട ഉടമ തയ്യാറായില്ല എന്നും ആയതിനാൽ അനധികൃത കെട്ടിടത്തിനെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വേണ്ടി 05.07.2013-ൽ സെക്ഷൻ ക്ലാർക്ക് നടപടി എടുത്തിട്ടില്ല എന്നുമാണ് 15.06.2015-ൽ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് ഈ ഫയൽ പരിശോധിച്ചതിൽ തനിയ്ക്ക് വ്യക്തമായിട്ടുള്ളത് എന്നും 15.06.2015 തീയതിയിൽ ഫയൽ പരിശോധിച്ചപ്പോൾ സെക്ഷൻ ക്ലാർക്ക്, 07.10.2013 തീയതിയിൽ ഫയലിൽ രേഖപ്പെടുത്തി നടപടിയ്ക്കായി സമർപ്പിച്ചിട്ടുള്ളതായും. 24.10.2013 തീയതിയിലെ പബ്ലിക് വർക്സ് ഓവർസിയറുടേയും, മുനിസിപ്പൽ എഞ്ചിനീയറുടെയും ഫയലിലെ റിപ്പോർട്ട് പ്രകാരം ശ്രീ. മുഹമ്മദ് ഹാജിയുടെ മറുപടി തൃപ്തികരമല്ലെന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നതായും പക്ഷേ ടി തീയതിയ്ക്ക് ശേഷവും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ടി വിഷയത്തിൽ താൽക്കാലിക ഉത്തരവ് തയ്യാറാക്കി മുനിസിപ്പൽ എഞ്ചിനീയറുടെയോ, തന്റെയോ അംഗീകാരത്തിനായി സമർപ്പിച്ചതായി കാണുന്നില്ലെന്നും, പിന്നീട് തീയതി രേഖപ്പെടുത്താതെ നോട്ടീസിന്റെ കരട് തയ്യാറാക്കി സമർപ്പിക്കുന്നുവെന്ന് സെക്ഷൻ ക്ലാർക്ക് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നതായും ആയത് അംഗീകാരത്തിനായി ആർക്കെങ്കിലും സമർപ്പിച്ചതായി കാണുന്നില്ലെന്നും ശ്രീ.എ.സി. കുര്യാക്കോസ് തന്റെ മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

3. 24.10.2013 തീയതിയിൽ നോട്ട് ഫയലിൽ മുനിസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തിയ കാര്യങ്ങൾ തന്റെ ശ്രദ്ധയിൽ വന്നിട്ടില്ല എന്ന ശ്രീ. എ.സി.കുര്യാക്കോസിന്റെ വിശദീകരണവും, കൂടാതെ 05.07.2013 ൽ തന്നെ ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് താൽക്കാലിക ഉത്തരവ് നൽകുന്നതിന് തന്റെ

നിർദ്ദേശിച്ചിട്ടും സെക്ഷൻ ക്ലാർക്ക് ആയത് പ്രകാരം തുടർ നടപടി സ്വീകരിച്ചിട്ടില്ലെന്നും പിന്നീട് ഒരിക്കലും ബന്ധപ്പെട്ട ഫയൽ തനിക്ക് സമർപ്പിച്ചിട്ടില്ലെന്നുമുള്ള ശ്രീ കുര്യാക്കോസിന്റെ മറുപടി പരിശോധിച്ചതിൽ നിന്നും ഇക്കാര്യത്തിൽ മനഃപൂർവ്വം കെട്ടിട ഉടമയെ സഹായിക്കുന്ന രീതിയിൽ പ്രവർത്തിച്ചിട്ടുള്ളത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ആണെന്ന് കരുതാവുന്നതാണെന്നും ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും ആവശ്യമായ ഉത്തരവുകൾ 05.07.2013 ൽ തന്നെ സെക്രട്ടറി നൽകിയിട്ടുള്ള പരിതസ്ഥിതിയിൽ വീണ്ടും 24.10.2013 തീയതിയിൽ ഈ വിഷയത്തിൽ വീണ്ടും ഒരു നോട്ടീസ് നൽകാമെന്ന മുനിസിപ്പൽ എഞ്ചിനീയറുടെ കുറിപ്പ് സാധ്യതയില്ലെന്നുള്ള ശ്രീ. കുര്യാക്കോസിന്റെ മറുപടി വസ്തുതാപരവും പരിഗണനാർഹവുമാണെന്നും മേൽ പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ശ്രീ. എ.സി. കുര്യാക്കോസിന്റെ മറുപടി വസ്തുതാപരമായി ശരിയാണെന്ന് കണ്ട് തുടർ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 21.12.2013 തീയതിയിൽ കോട്ടയം നഗരസഭയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അധികൃതർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിന് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എ.സി.കുര്യാക്കോസ്സിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി. ടിയാന്റെ മറുപടി പരിഗണിച്ച്, അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ എം.കെ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, കോട്ടയ്ക്കൽ നഗരസഭ.
ശ്രീ. എ.സി.കുര്യാക്കോസ്സ്, സെക്രട്ടറി (റിട്ട.) (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (29.04.2016 തീയതിയിലെ 4374/ഡി1/16/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ ഡിവിഷൻ
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ